LITERATURE

# ബാലസാഹിത്യകൃതികളിലെ ജന്തുസാന്നിധ്യം:
## എൻ. സ്മിതയുടെ കൃതികളെ ആധാരമാക്കിയുള്ള ഒരു പഠനം

**ശ്രീജ പി.**
ഗവേഷക, വിമല കോളേജ് (ഓട്ടോണമസ് ),
തൃശ്ശൂർ
Email: nairsreeja379@gmail.com

**സംഗ്രഹം**

ഒരു വ്യക്തിയുടെ ജീവിതത്തിൽ ഏറ്റവും നിറപ്പകിട്ടാർന്നതാണ് ബാല്യകാലം. നാലു വയസ്സുമുതൽ ആരംഭിച്ച് പന്ത്രണ്ടു വയസ്സുവരെ തുടരുന്ന കാലഘട്ടമാണ് ഇത്. ആശയ വിനിമയത്തിനുള്ള ഉപാധിയായി ഭാഷയെ കുട്ടി സ്വീകരിക്കുന്നത് ഈ കാലപരിധിയിലാണ്. കുട്ടിയുടെ പദസമ്പത്ത് വർദ്ധിക്കുകയും അവൻ വ്യാകരണം ശുദ്ധീകരിക്കുകയും ചെയ്യുന്നത് ബാല്യത്തിലാണ്. കഥകൾ വായിക്കുവാനും അനുഭവങ്ങൾ പങ്കുവയ്ക്കാനും കുട്ടികൾ ഇഷ്ടപ്പെടുന്നു. കുട്ടികളുടെ വായനാകൗതുകം പ്രോത്സാഹിപ്പിക്കുന്നതിന് ഏറ്റവും മികച്ച കൃതികൾ എന്ന രീതിയിലാണ് ബാലസാഹിത്യകൃതികൾ പ്രാധാന്യമർഹിക്കുന്നത്. കുട്ടികളെ രസിപ്പിക്കുന്ന സാഹിത്യമാണ് ബാലസാഹിത്യം. പഞ്ചതന്ത്ര കഥകൾ, ഈസോപ്പ് കഥകൾ തുടങ്ങിയവ കുട്ടികളെ മാത്രമല്ല മുതിർന്നവരെയും രസിപ്പിച്ചിരുന്നു. പുതിയ കാലഘട്ടത്തിൽ കുട്ടികളുടെ ജീവിതം വളരെ സങ്കീർണവും തിരക്കുപിടിച്ചതുമാണ്. അവരുടെ മനസ്സിനെ ഭാവനാസമ്പന്നമാക്കാനും മാനുഷികമൂല്യങ്ങൾ വളർത്തുവാനും ബാലസാഹിത്യം സഹായിക്കുന്നുണ്ട്. ബാലസാഹിത്യകൃതികളിൽ സജീവമായി കാണുന്ന ഒരു ഘടകമാണ് ആന്ത്രോപോമോർഫിസം (Anthropomorphism). ഈ ഘടകത്തെ എൻ. സ്മിതയുടെ കൃതികളെ ആധാരമാക്കി വിശകലനം ചെയ്യുവാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

**താക്കോൽവാക്കുകൾ:** ബാലസാഹിത്യം, ജന്തുസാന്നിധ്യം, ആന്ത്രോപോമോർഫിസം (Anthropomorphism), ഭാവന

**ആമുഖം**

വാമൊഴി പാരമ്പര്യത്തിന്റെ ഭാഗമായി വളരെക്കാലം മുമ്പ് തന്നെ എല്ലാ ഭാഷകളിലും പരമ്പരാഗത ഗാനങ്ങളും കഥകളും പ്രചരിച്ചിരുന്നു. പതിനഞ്ചാം നൂറ്റാണ്ടു മുതൽ ധാരാളം സാഹിത്യകൃതികൾ കുട്ടികളെ ലക്ഷ്യമാക്കിക്കൊണ്ടു രചിക്കപ്പെട്ടു. ധാർമികവും മതപരവുമായ സന്ദേശങ്ങളായിരുന്നു ഇത്തരം കൃതികളുടെ ഉള്ളടക്കം. അച്ചടിയുടെ കണ്ടുപിടുത്തത്തോടെയാണ് ഇത്തരം കൃതികൾ കൂടുതൽ ജനഹൃദയങ്ങളിലേക്ക് എത്തിയത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനവും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കവുമാണ് ബാലസാഹിത്യത്തിന്റെ സുവർണ്ണകാലം എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. 1962ൽ ഫ്രഞ്ച് ചരിത്രകാരനായ ഫിലിപ്പ് ഏരിയസ് (Philip Arirs) 'സെഞ്ചുറിസ് ഓഫ് ചൈൽഡ്ഹുഡ്' (Centuries of Childhood) എന്ന പുസ്തകത്തിൽ ബാലസാഹിത്യത്തിന്റെ പുരോഗതിയെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്.

**ലക്ഷ്യങ്ങൾ**

ബാലസാഹിത്യത്തിൽ പൊതുവെ ഉപയോഗിക്കുന്ന ജന്തുസാന്നിധ്യം കുട്ടികളിൽ സൃഷ്ടിക്കുന്ന താല്പര്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തുക എന്നതാണ് ഈ പ്രബന്ധത്തിലൂടെ ലക്ഷ്യമാക്കുന്നത്.

**പഠന സാധ്യതയും രീതിശാസ്ത്രവും**

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനു സഹായിക്കുന്ന പ്രധാന ഘടകങ്ങളിലൊന്നാണ് ഉചിതമായ ഗ്രന്ഥങ്ങളുടെ വായന. കുട്ടികൾക്കനുയോജ്യമായ ഭാഷയിൽ അവർക്കിഷ്ടപ്പെട്ട വിഷയങ്ങൾ, വിരസതയില്ലാതെ നൂതന ആവിഷ്കാര ശൈലിയിൽ അവതരിപ്പിക്കുക എന്നത് പ്രധാനമാണ്. അതുകൊണ്ടു തന്നെ ബാലസാഹിത്യ കൃതികൾക്ക് ഏതു ഭാഷയിലും വളരെ സ്വീകാര്യതയുണ്ട്. ആന്ത്രോപോമോർഫിസത്തിന്റെ ഫലപ്രാപ്തി പ്രചോദന സിദ്ധാന്തത്തിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രബന്ധം മുന്നോട്ടു പോകുന്നത്.

**ചരിത്രം**

ബാലസാഹിത്യത്തിന്റെ ഒരു പ്രത്യേകതയാണ് ആന്ത്രോപോമോർഫിസം. മനുഷ്യന്റെ സ്വഭാവങ്ങൾ, വികാരങ്ങൾ, ലക്ഷ്യങ്ങൾ എന്നിവയെ മനുഷ്യേതര ഘടകങ്ങളിൽ ആരോപിക്കുന്ന രീതിയാണ് ഇത്. ആന്ത്രോപോമോർഫിസത്തെ മനുഷ്യ മനഃശാസ്ത്രത്തിന്റെ സഹജ പ്രവണതയായി കണക്കാക്കുന്നു. ഗ്രീക്ക് ഭാഷയിൽ മനുഷ്യൻ എന്ന അർത്ഥം വരുന്ന 'ആന്ത്രോപോസ്' (Anthropos), രൂപം എന്ന് അർത്ഥമുള്ള 'മോർഫ്' (Morph) എന്നീ പദങ്ങൾ ചേർന്നു കൊണ്ടാണ് ആന്ത്രോപോമോർഫിസം (Anthropomorphism ) എന്ന പദം രൂപപ്പെട്ടത്. ഹെസിയോഡിന്റെ (Hesiod) കൃതികളിലും ഈസോപ്പ്കഥകളിലും പഞ്ചതന്ത്രകഥകളിലും ഇത് വളരെ വ്യക്തമായി തന്നെ ഉപയോഗപ്പെടുത്തിയിരിക്കുന്നു. 1634ൽ ഇറ്റലിയിൽ നിന്നു പ്രസിദ്ധീകരിക്കപ്പെട്ട പെന്റ മെറോൺ ആണ് യൂറോപ്യൻ നാടോടികഥകളുടെ ആദ്യത്തെ പ്രധാന ശേഖരം. 1740നു ശേഷം യൂറോപ്പിൽ ബാലസാഹിത്യ രംഗത്ത് വളരെ പുരോഗതിയുണ്ടായി. 'എ ലിറ്റിൽ പ്രറ്റി പോക്കറ്റ് ബുക്ക്' (A little pretty pocket book) ആയിരുന്നു കുട്ടികളുടെ വിനോദത്തിനുള്ള ആദ്യപുസ്തകം. ഭാരതത്തിലെ ബാലസാഹിത്യത്തെ സമ്പുഷ്ടമാക്കിയതിൽ


ISSN: 2582 - 2594

പഞ്ചതന്ത്രം എന്ന ഗ്രന്ഥത്തിന് വളരെ വലിയ പങ്കുണ്ട്. സി.ഇ. മൂന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഈ കൃതി സി.ഇ. 570 ന ശേഷം വിവിധ ഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെട്ടു. മിത്രഭേദം, മിത്രലാഭം, കാകോലൂകീയം, ലബ്ധപ്രണാശം, അപരീക്ഷിതകാരിതം എന്നിങ്ങനെയുള്ള അഞ്ചു തന്ത്രങ്ങളെയാണ് ഇതിൽ ഗ്രന്ഥകർത്താവായ വിഷ്ണുശർമ്മ ഉപയോഗപ്പെടുത്തിയത്. കുറുക്കൻ, കാക്ക, ആമ, എലി, മൂങ്ങ, ചീങ്കണ്ണി, കുരങ്ങൻ, കീരി എന്നീ ജന്തുക്കളുടെ സാന്നിധ്യം പഞ്ചതന്ത്ര കഥകളിലുണ്ട്. ആന്ത്രോപോമോർഫിസം കുട്ടികളുടെ സാമൂഹ്യ ഇടപെടലുകൾ മികച്ചതാക്കുവാൻ സഹായിക്കുന്നുണ്ടെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

1750കളിൽ രചിച്ചു എന്ന് കരുതുന്ന പഞ്ചതന്ത്രം കിളിപ്പാട്ടിനെയാണ് ആദ്യ മലയാള ബാലസാഹിത്യകൃതിയായി കണക്കാക്കുന്നതെന്ന് ഡോ. കെ ശ്രീകുമാർ മലയാള ബാലസാഹിത്യ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നാടോടിക്കഥകളിലൂടെയും പാട്ടുകളിലൂടെയും ആണ കേരളത്തിലും ബാലസാഹിത്യം വളർന്നത്. കടങ്കഥകളും നാവ് ഉരുളുന്നതിനുള്ള ചൊല്ലുകളും തലമുറകളിൽ നിന്ന് തലമുറകളിലേക്കു പകർന്നുകൊണ്ടിരുന്നു. 1860 കളിൽ കേരളത്തിൽ നാട്ടുഭാഷാ സ്കൂളുകൾക്ക് പാഠപുസ്തകം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടാണ് ആധുനിക മലയാളസാഹിത്യത്തിൽ ബാലസാഹിത്യം ഇടം പിടിക്കുന്നത്. വിവർത്തന കൃതികളാണ് ആദ്യകാല ബാലസാഹിത്യ കൃതികളിൽ ഉൾപ്പെടുന്നത്. മലയാളത്തിലെ ആദ്യത്തെ വനിതാ ബാലസാഹിത്യകാരി ടി സി കല്യാണിയമ്മയാണ്. കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരും കുട്ടികൾക്കായി മികച്ച കൃതികൾ രചിച്ചിട്ടുണ്ട്. കാരൂർ, ലളിതാംബിക അന്തർജനം, മാലി എന്നിവരുടെ കൃതികൾ കുട്ടികൾക്കിടയിൽ വളരെ പ്രചാരം നേടി. കുഞ്ഞുണ്ണി മാഷ്, സുമംഗല, സിപ്പി പള്ളിപ്പുറം എന്നിവരുടെ രചനകളും വളരെ ശ്രദ്ധേയമാണ്.

### കൃതികളുടെ അപഗ്രഥനം

ബാലസാഹിത്യരംഗത്ത് സജീവ സാന്നിധ്യമായ എൻ സ്മിതയുടെ എല്ലാ കൃതികളിലും പ്രത്യക്ഷമായോ പരോക്ഷമായോ ജന്തു സാന്നിധ്യം കടന്നുവരാറുണ്ട്. സ്മിതയുടെ പല കഥകളിലേയും കഥാപാത്രങ്ങൾ മൃഗങ്ങളാണ്. സ്മിതയുടെ ആദ്യ കഥാസമാഹാരമായ 'മിന്നാമിനുങ്ങും വന ദേവതയും' 2009 ലാണ് പ്രസിദ്ധീകരിച്ചത്. ആ കൃതിയിലെ രണ്ടാമത്തെ കഥയാണ് 'ചിക്കു ഒരു ചക്കര'. നന്ദുവിന്റെ വീട്ടിലെ കോഴിയായ ചക്കരയുടെയും വളർത്തുനായ ചിക്കുവിന്റെയും കഥയാണത്. തന്റെയും മക്കളുടെയും പിന്നാലെ കാര്യസ്ഥനെപ്പോലെ നടക്കുന്ന ചിക്കുവിനെ ചക്കരക്കോഴിക്ക് ഒട്ടും ഇഷ്ടമായിരുന്നില്ല. രാത്രിയിൽ അവന്റെ കുരകേട്ട് തന്റെ മക്കൾ പേടിക്കുന്നത് അവളെ വിഷമിപ്പിച്ചു. ചിക്കുവിന് വീട്ടുകാർ നൽകുന്ന നല്ല ഭക്ഷണവും അവന് അവർ നൽകുന്ന പരിഗണനയുമെല്ലാം ചക്കരയ്ക്ക് ചിക്കുവിനോട് അസൂയ തോന്നാൻ കാരണമായി. രാത്രി ഉറങ്ങാതെ, ചെറിയ അനക്കം കേട്ടാൽപ്പോലും കുരയ്ക്കുന്ന ചിക്കുവിനെ ചക്കര ദേഷ്യത്തോടെയാണ് നോക്കിയിരുന്നത്. അവനെ ദ്രോഹിക്കാനായി ചക്കരക്കോഴി മാവിൻ ചുവട്ടിൽ നിന്നും ശേഖരിച്ച പശ ചേമ്പിലയിലാക്കി ചിക്കുവിന്റെ ചോറിലേക്ക് തട്ടി, ഒന്നുമറിയാത്ത മട്ടിൽ കൂട്ടിലേക്ക് കയറി. ചിക്കു ആർത്തിയോടെ ഭക്ഷണം കഴിക്കാൻ തുടങ്ങി. പശ തൊണ്ടയിൽ ഒട്ടി അവന്റെ തൊണ്ട അടഞ്ഞുപോയി. "ഇന്നെങ്കിലും ശല്യമില്ലാതെ ഉറങ്ങാമല്ലോ" എന്നാണ് ചക്കര ചിന്തിച്ചത്. എന്നാൽ അന്നു രാത്രി തന്റെ കൂട്ടിൽ

നിന്ന് തന്റെ രണ്ടു മക്കളെയും കടിച്ചെടുത്ത് ഓടുന്ന കുറുക്കനെ കണ്ട് അവൾ ഉറക്കെക്കരഞ്ഞു. അവൾ ചിക്കുവിനെ നോക്കി. പാവം ചിക്കു കുരയ്ക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവനു കുരയ്ക്കാൻ കഴിഞ്ഞില്ല. ചിക്കുവിന്റെ കുരകേട്ടാൽ ഒരു കുറുക്കനും വരില്ലായിരുന്നു എന്ന് ചക്കര ഓർത്തു. ഇതുവരെയും തങ്ങളെ ആരും ഉപദ്രവിക്കാതിരുന്നത് ചിക്കുവിന്റെ കഴിവുകൊണ്ടാണെന്ന് ചക്കരയ്ക്കു ബോധ്യമായി. വിശ്വസ്തനായ ചങ്ങാതിയെയാണല്ലോ താൻ ചതിച്ചത് എന്നു ചിന്തിച്ച ചക്കര പൊട്ടിക്കരഞ്ഞു. മനുഷ്യർക്കിടയിലും ഇത്തരത്തിൽ തെറ്റിദ്ധാരണകളാൽ ആത്മാർത്ഥ സുഹൃത്തുക്കളിൽ നിന്ന് അകൽച്ച കാണിക്കുന്ന പ്രവണത കാണുന്നുണ്ട്. യഥാർത്ഥ സുഹൃത്തുക്കൾ ആരാണെന്നു തിരിച്ചറിയണമെന്നു കുട്ടികളെ ഓർമ്മപ്പെടുത്തുന്ന ഈ കഥ എന്നും കുഞ്ഞുമനസ്സുകളിൽ തിളങ്ങി നിൽക്കും.

ഇതേ സമാഹാരത്തിലെതന്നെ 'അമ്പലക്കാള' എന്ന കഥയിലെ കാളക്കുട്ടന്റെ വാങ് മയ ചിത്രം കഥാകാരി അവതരിപ്പിക്കുന്നുണ്ട്. ഗോതമ്പിന്റെ നിറമുള്ള, കൊഴുത്ത ശരീരവും നെറ്റിയിൽ വെള്ളച്ചുട്ടിയുമുള്ള കാളക്കുട്ടനോട് എല്ലാവർക്കും സ്നേഹമായിരുന്നു. ശിവപുരം ക്ഷേത്രത്തിൽ നടയിരുത്തിയ കാളക്കുട്ടന്, ക്ഷേത്രദർശനം കഴിഞ്ഞ് പോകുന്നവർ അവൽ, പായസം ഇവയൊക്കെ കൊടുക്കാറുണ്ട്. കുറച്ചു വർഷം കഴിഞ്ഞപ്പോൾ ശക്തനായ കൂറ്റൻ കാളയായി അവൻ മാറി. അവന്റെ സ്വഭാവത്തിലും ക്രമേണ മാറ്റം വന്നു. ആളുകളെ കൊമ്പുകുലുക്കി പേടിപ്പിക്കുന്നതിൽ അവൻ രസം കണ്ടെത്തി. ശിവരാത്രി ദിവസം ഭക്തജനങ്ങൾക്കിടയിലൂടെ കൊമ്പുകുലുക്കി ഓടി പലരേയും പരിക്കേല്പിച്ച അവന്റെ നേരെ ചെറുപ്പക്കാർ കല്ലും വടികളും എറിഞ്ഞു. അവനെ പിടിച്ചു കെട്ടി. അവനെ പിന്നീട് ആരും ശ്രദ്ധിച്ചില്ല. രണ്ടു ദിവസം കഴിഞ്ഞപ്പോൾ അവൻ ക്ഷീണിതനായി. മുറിവിൽ ഈച്ച പൊതിഞ്ഞു തുടങ്ങി. ക്ഷേത്രപരിസരം വിജനമായപ്പോൾ ഭഗവാനെ വിളിച്ച് അവൻ കരഞ്ഞു. കരച്ചിൽ കേട്ട് എത്തിയ ശാന്തിക്കാരൻ നമ്പൂതിരി അവനോട് "ശക്തികൊണ്ടല്ല, സദ്പ്രവൃത്തികളിലൂടെയാണ് ആദരവ് നേടേണ്ടത്, നീ പഴയ കാളക്കുട്ടനായാൽ ആളുകൾ നിന്നെ സ്നേഹിക്കും" എന്ന് ഓർമ്മപ്പെടുത്തുന്നുണ്ട്. ആസ്വാദ്യകരമായ കഥകളിലൂടെ ഗുണപാഠങ്ങൾ പകർന്നു കൊടുക്കുകയെന്ന മഹദ് സങ്കല്പം കഥാകാരി പിന്തുടരുന്നത് ശ്ലാഘനീയം തന്നെ. ആദ്യ കഥാസമാഹാരത്തിലെ സ്നേഹിതർ, ഐകമത്യം മഹാബലം, അഴകന്റെ മോഹം, ആയുസ്സ് എന്നീ കഥകളിലും ജന്തുക്കളാണ് പ്രധാന കഥാപാത്രങ്ങൾ. 'സ്നേഹിതർ' എന്ന കഥയിലെ കുറിഞ്ഞിയും കൈസർ നായയും രാജു മോന്റെ ഉപദ്രവം കാരണം സങ്കടപ്പെടാറുണ്ടെങ്കിലും അവന് ഒരാപത്തു വന്നപ്പോൾ അവരൊത്തുചേർന്ന് അവനെ സഹായിച്ചു. കുറിഞ്ഞിയും കൈസറും മീനുത്തത്തയുമെല്ലാം കുട്ടികൾക്ക് പകർന്നു കൊടുക്കുന്നത് കാരുണ്യത്തിന്റെ അമൃത ബിന്ദുക്കളാണ്. തന്നോട് ശത്രുത പുലർത്തുന്നവരെപ്പോലും ആപത്തിൽ സഹായിക്കണമെന്ന സന്ദേശം മനുഷ്യർക്ക് പരിചിതമാണല്ലോ.

കുറിഞ്ഞിക്കോഴിയുടെ മക്കളെ കുറുക്കനിൽ നിന്നു രക്ഷിക്കാൻ സഹായിച്ച ചില്ലനണ്ണാൻ, വിരുതൻ കാക്ക, പുളിയുറുമ്പൻ രാജാവ്, വെളുമ്പൻ മുയൽ ഇവരൊക്കെ സൗഹൃദത്തിന്റെ ഉത്തമ മാതൃകകളാണ്. മിന്നാമിനുങ്ങും വനദേവതയും എന്ന കഥയിലെ മിന്നിപ്പാറ്റ ഉറുമ്പമ്മയുടെ കാലിലെ മുറിവിൽ മരുന്നു വച്ചുകെട്ടാൻ വെളിച്ചമന്വേഷിച്ചു പോയി, കനൽക്കട്ടയും കൊണ്ടു പറന്നു വന്നു, പൊള്ളൽ സഹിച്ചു ഉറുമ്പമ്മയ്ക്കു വെളിച്ചം കാണിച്ചതും മിന്നിപ്പാറ്റയുടെ രണ്ടു കാലുകൾ കരിഞ്ഞതും, അവളുടെ കരച്ചിൽ കേട്ട് അവിടെയെത്തിയ വനദേവത മിന്നിയുടെ

 ISSN: 2582 - 2594

ശരീരത്തിൽ നിന്നും വെളിച്ചം നഷ്ടപ്പെടാതിരിക്കട്ടെ എന്നനുഗ്രഹിച്ചതും മിന്നിപ്പാറ്റ മിന്നാമിനുങ്ങായി മാറിയതുമെല്ലാം കുട്ടികളുടെ മനസ്സിലേക്ക് നന്മയുടെയും പരോപകാരത്തിന്റെയും വെളിച്ചം വിതറാൻ വളരെ സഹായിച്ചിട്ടുണ്ട്. ഉറ്റ ചങ്ങാതിയെ രക്ഷിക്കാൻ ബുദ്ധിമുട്ടുകൾ സഹിക്കാൻ തയ്യാറാകുന്നവർ മനുഷ്യരിലും ധാരാളമുണ്ട് എന്ന വസ്തുത കുട്ടികൾ തിരിച്ചറിയും.

'ശ്യാമവർണ്ണന്റെ ഡയറിക്കുറിപ്പുകൾ' എന്ന കഥാസമാഹാരത്തിലെ, ശ്യാമവർണന്റെ ഡയറിക്കുറിപ്പുകൾ എന്ന കഥയിലെ ശ്യാമവർണ്ണൻ പെൺകുട്ടിക്ക് എഴുതിയ കുറിപ്പുകൾ വായിക്കുമ്പോൾ ആരാണ് ശ്യാമവർണ്ണൻ എന്ന സംശയം വായനക്കാരുടെ മനസ്സിൽ രൂപപ്പെടാതിരിക്കില്ല. മൂന്നാമത്തെ കുറിപ്പിൽ നിന്നുമാണ് ശ്യാമവർണ്ണൻ പേൻ ആണെന്ന സൂചന വായനക്കാർക്ക് കിട്ടുന്നത്. ശ്യാമവർണ്ണന്റെ ഡയറിക്കുറിപ്പിലൂടെ വ്യക്തി ശുചിത്വത്തിന്റെ പ്രാധാന്യം എത്ര മനോഹരമായാണ് കഥാകൃത്ത് അവതരിപ്പിച്ചിട്ടുള്ളത്. 'വാനരൻ' എന്ന കഥയിൽ കാട്ടിൽ അതിക്രമിച്ചു കയറി മരം മുറിക്കുന്നവരുടെ അടുത്തേക്ക് ഫോറസ്റ്റ് ഗാർഡുമാരെ എത്തിച്ച ചിപ്പനെന്നും കുഞ്ഞനെന്നും പേരുള്ള രണ്ട് വാനരക്കുട്ടന്മാരെ സൂക്ഷ്മമായി, വാക്കുകളാൽ വരച്ചുകാട്ടിയിരിക്കുന്നു. കുഞ്ഞനെ സ്നേഹിക്കുന്ന, അവനു ചെറിപ്പഴവും കടലമണികളും കൊടുക്കുന്ന സത്യൻ എന്ന വനം വകുപ്പുദ്യോഗസ്ഥനോടു വളരെ സ്നേഹവും നന്ദിയും അവൻ പ്രകടിപ്പിക്കുന്നുണ്ട്. 'ജിക്കു' എന്നാണു സത്യൻ കുഞ്ഞനെ വിളിക്കാറുള്ളത്. ഒരു രാത്രിയിൽ വാതിലിൽ മുട്ടു കേട്ടു വാതിൽ തുറന്ന വനപാലകർ കുഞ്ഞനെയാണു കണ്ടത്. അവൻ ദൂരേക്കു ചൂണ്ടി പല ശബ്ദങ്ങളും പുറപ്പെടുവിച്ച് വനപാലകരുടെ ശ്രദ്ധയാകർഷിക്കുകയും തേക്കു തടി മുറിച്ചു കടത്തുന്ന വനം കൊള്ളക്കാരെ പിടികൂടാൻ സഹായിക്കുകയും ചെയ്തു. 'വാനരൻ' എന്ന കഥയിലൂടെ വായനക്കാരിൽ വനസംരക്ഷണം എന്ന മഹാ ദൗത്യത്തിന്റെ ചെറുതൈ നടാൻ കഥാകൃത്തിനു സാധിച്ചു.

'മിത്രൻ സ്മാരക ബസ് സ്റ്റോപ്പ്' എന്ന കൃതിയിലെ മിത്രൻ നാട്ടുകാർക്ക് ഏവർക്കും പ്രിയപ്പെട്ട നായയാണ്. മിത്രൻ മലയാളത്തിന്റെ 'ഹാച്ചിക്കോ' ആണ് എന്ന് കൃതിക്ക് അവതാരിക എഴുതിയ ഡോക്ടർ പ്രമോദ് കെ. നാറാത്ത് സൂചിപ്പിച്ചിട്ടുണ്ട്. നായയെ 'കുട്ടി' എന്നു വാത്സല്യത്തോടെ വിളിച്ചിരുന്ന ടീച്ചറമ്മയുടെ മരണത്തോടെ അനാഥനായിപ്പോയ അവനു വീടുവിട്ടിറങ്ങേണ്ടി വന്നു. ആറു ദിവസത്തിനു ശേഷം തളർന്ന ശരീരം ആടിയുലഞ്ഞുകൊണ്ട് അവൻ എത്തിയത് ഒരു ബസ് സ്റ്റോപ്പിൽ ആയിരുന്നു. അവിടെ ആ നായ മയങ്ങിക്കിടന്നു. അവിടെനിന്ന് അമ്മു എന്ന പെൺകുട്ടിയെയും അവളുടെ മദ്യപാനിയായ അച്ഛനെയും പിന്തുടർന്നു വേച്ചുവേച്ചു നടന്ന അവൻ അവരുടെ വീട്ടിലെത്തി. പതിയെ പതിയെ ആ വീട്ടുകാരുടെ പ്രിയപ്പെട്ടവനായി അവൻ മാറി. അമ്പലത്തിലെ വാരസ്യാരും ലോട്ടറിക്കാരൻ ചേട്ടനും അമ്മുക്കുട്ടിയും ചായക്കടക്കാരൻ സുമേഷും നായയെ ഏറെ സ്നേഹിച്ചു. അവർക്കെല്ലാം സഹായങ്ങൾ ചെയ്തു അവൻ എല്ലാവരുടെയും ഓമനയായി മാറി. നാട്ടുകാർക്ക് പ്രിയപ്പെട്ട നാരായണൻ മാഷാണ് പ്രിയങ്കരനായ അവനെ 'മിത്രൻ' എന്നു വിളിച്ചത്. കുറച്ചുനാളുകൾ കഴിയുമ്പോഴേക്കും മിത്രൻ ക്ഷീണിതനാവുകയും വയറുവേദന മൂലം അവശനായിത്തീരുകയുമായിരുന്നു. നാരായണൻ മാഷും സുമേഷും മിത്രനെ മൃഗാശുപത്രിയിൽ എത്തിച്ചു. കുറെനേരം പരിശോധിച്ചു കഴിഞ്ഞ ഡോക്ടർ "കുടലിൽ നിറയെ കുരുക്കളാണ്, ഇവനു വളരെ പ്രായവും ആയിട്ടുണ്ട്" എന്നു പറയുകയും വേദന ശമിക്കാൻ മരുന്നുകൾ കൊടുക്കുകയും ചെയ്തു. വായനശാല കെട്ടി

ടത്തിന്റെ മെയിൻ വാർപ്പ് നടന്ന ദിവസം വാർപ്പ കഴിഞ്ഞ് നടു നിവർക്കാൻ ഒരു സ്ഥലം തേടിയെത്തിയ പണിക്കാർ ബസ്സ കാത്തിരിപ്പ് കേന്ദ്രത്തിൽ എത്തി. അവിടെ ചെരിഞ്ഞു കിടക്കുന്ന മിത്രനെ കണ്ടപ്പോൾ അവർക്ക് എന്തോ പന്തികേടു തോന്നി. സുമേഷ് ഓടിവന്നു മിത്രനെ എടുത്തു. മിത്രന്റെ ദേഹം തണുത്തുറഞ്ഞിരുന്നു. അന്ന രാത്രി ഉണ്ടായ ശക്തമായ കാറ്റിൽ ബസ് കാത്തിരിപ്പ് കേന്ദ്രത്തിന്റെ മേൽക്കൂര പറന്നുപോയി. നാട്ടുകാർ എല്ലാവരും അതു പുതുക്കിപ്പണിയാനുള്ള തീരുമാനത്തിലെത്തി. വളരെ പെട്ടെന്ന് തന്നെ നിർമ്മാണം പൂർത്തീകരിച്ച ബസ് സ്റ്റോപ്പിന് സുമേഷ് ആണ് പേര് നിർദ്ദേശിച്ചത്. 'മിത്രൻ സ്മാരക ബസ് സ്റ്റോപ്പ്'. പേര് എഴുതിയ ബോർഡ് വൈകുന്നേരമായപ്പോഴേക്കും ബസ് സ്റ്റോപ്പിനു മുകളിൽ ഉറപ്പിച്ചു. അമ്മുവിന്റെ അച്ഛൻ രാജൻ മികച്ച ശില്പി ആയിരുന്നതിനാൽ മിത്രന്റെ ഒരു പ്രതിമ അയാൾ നിർമ്മിച്ചിരുന്നു. ചൈതന്യമുള്ള മിത്രനെയാണ് അയാൾ വാർത്തെടുത്തിരുന്നത്. ബസ്സ് സ്റ്റോപ്പിൽ പിൻകാലുകൾ മടക്കി മുൻ കാലിൽ നിവർന്ന് തലയുയർത്തി നിൽക്കുന്ന മിത്രൻ ഏവരെയും ആകർഷിച്ചു. വായനക്കാരുടെ മനസ്സിലേക്ക് അല്പം അധികാരത്തോടെതന്നെ മുൻകാലെടുത്തു വയ്ക്കുകയായിരുന്നു മിത്രൻ. മിത്രന്റെ ചലനങ്ങളെയും അവന്റെ സ്വഭാവത്തെയും വളരെ മനോഹരമായാണ് കഥാകൃത്ത് ആവിഷ്കരിച്ചിരിക്കുന്നത്.

'മഴത്തുമ്പി' എന്ന ചിത്രകഥാ പുസ്തകത്തിലെ തൊപ്പിക്കിളിയുടെ കൂട്ടു ചമക്കലും മുട്ടയ്ക്ക് കാവൽ ഇരിക്കലുമെല്ലാം കൊച്ചുകൂട്ടുകാർ ഉത്സാഹത്തോടെ വായിച്ചു മനസ്സിലാക്കും. മുട്ട വിരിഞ്ഞു പുറത്തിറങ്ങിയ കിളിക്കുഞ്ഞുങ്ങൾ പതിയെ പതിയെ പറക്കുന്നത് കാണുമ്പോൾ വാഹനാപകടത്തിൽ കാലുനഷ്ടപ്പെട്ട രണ്ടാം ക്ലാസുകാരിയായ മഴക്കുട്ടിയോട്, "കിളിക്കുഞ്ഞുങ്ങൾ എന്താ പറയുന്നതെന്ന് അറിയാമോ?" എന്ന് അമ്മ ചോദിക്കുന്നുണ്ട്. അമ്മ തന്നെ അവളോട് മറുപടിയും പറയുന്നു "ഇനിയും ഒരുപാട് ഉയരെ പറക്കണം" എന്നാണ് അവർ പറയുന്നത് എന്ന്. കൃത്രിമ കാൽ ഉപയോഗിച്ച് നടക്കാൻ തുടങ്ങിയ ആ രണ്ടാം ക്ലാസുകാരിയുടെ മനസ്സിൽ മാത്രമല്ല, വായനക്കാരായ എല്ലാ കുഞ്ഞുങ്ങളുടെ മനസ്സിലും ഉയരെ പറക്കാൻ മോഹമുണരാതിരിക്കില്ല. 'മര്യാദപുരത്തെ മണിക്കുട്ടികൾ' എന്ന കഥാസമാഹാരത്തിലെ 'കുഞ്ഞനുറുമ്പിന്റെ കൊച്ചു തോണി' എന്ന കഥയിൽ തോണിയുണ്ടാക്കാൻ വാശിപിടിക്കുന്ന കുഞ്ഞനുറുമ്പിന്, ഇല ഇരുവശവും മടക്കിത്തുന്നി കൊച്ചുതോണിയുണ്ടാക്കിക്കൊടുത്ത്, അത് കൊത്തിയെടുത്ത് പുഴക്കരയിലെത്തിച്ച് കുഞ്ഞനെയും കൂട്ടരേയും സന്തോഷിപ്പിച്ച തുന്നാരൻ കിളി, കൊച്ചുകൂട്ടുകാരെ സഹായിക്കാനെത്തുന്ന അല്പം മുതിർന്ന 'ഒരു ചങ്ങാതിയെപ്പോലെയാണ്. ഇല വഞ്ചിക്ക് നല്ല ഉറപ്പുണ്ടെന്നു വിശ്വസിച്ച്, അഹങ്കാരം കാണിച്ച കുഞ്ഞനുറുമ്പിനെ തിരുത്തിയ കുഞ്ഞന്റെ അനിയൻ ഇത്തിരിക്കുഞ്ഞൻ ഒരു മിടുക്കൻ തന്നെ. ഇതേ സമാഹാരത്തിലെ 'സ്നേഹം' എന്ന കഥ പകർന്നു കൊടുക്കുന്നത് ഏറ്റവും ഉചിതമായ സന്ദേശം തന്നെയാണ്. ശത്രുവായ പാമ്പമ്മയുടെ കുഞ്ഞിനെയും തന്റെ മക്കൾക്കൊപ്പം ഭക്ഷണം നൽകി വളർത്തി അവൻ ഇഴയാൻ തുടങ്ങിയപ്പോൾ അവന്റെ അമ്മ താമസിക്കുന്ന മാളത്തിലേക്ക് എത്തിച്ച സുന്ദരിത്തത്ത എല്ലാ കുഞ്ഞുങ്ങളെയും സമഭാവനയോടെ കാണണം എന്ന ഓർമ്മപ്പെടുത്തലാണ് നൽകുന്നത്. ഈ കഥയിലെ കറുമ്പിക്കാക്ക പാമ്പമ്മയോടു പറയുന്നുണ്ട് "സ്നേഹം തന്നെയാണ് വലിയ ശക്തി, അതിനെ ജയിക്കാൻ മറ്റൊന്നില്ല". വായനക്കാരായ കുഞ്ഞുങ്ങളിലേക്ക് സ്നേഹപ്പുഴയൊഴുക്കാൻ സുന്ദരിത്തത്തയും കറുമ്പിക്കാക്കയും പാമ്പമ്മയും നന്നായി ശ്രമിച്ചിട്ടുണ്ട്. സ്നേഹത്തെക്കുറിച്ച് ഒരുപാടു വാഴ്ത്തിയ കവികളുടെ വാക്യങ്ങൾ ഇവിടെ സ്മരണീയമാണ്.

 ISSN: 2582 - 2594

## കണ്ടെത്തലുകൾ

ആന്ത്രോപോമോർഫിസത്തെ വളരെ നല്ല രീതിയിൽ പ്രയോജനപ്പെടുത്താൻ എൻ സ്മിതയ്ക്ക് സാധിച്ചിട്ടുണ്ട്. കഥാപശ്ചാത്തലമൊരുക്കുന്നതിലും ആകർഷകമായ രീതിയിൽ കഥ മുന്നോട്ടു കൊണ്ടുപോകുന്നതിലും വായനക്കാരെ രസിപ്പിക്കുന്ന രീതിയിൽ ജന്തുകഥാപാത്രങ്ങൾക്ക് സ്ഥാനം നൽകുന്നതിലും കഥാകാരി വളരെ വിജയിച്ചിട്ടുണ്ട്. മനുഷ്യരെപ്പോലെതന്നെ പ്രകൃതിയിൽ സ്ഥാനമുള്ളവരാണ് മറ്റു ജീവജാലങ്ങളുമെന്ന സത്യം കുട്ടികളെ ബോധ്യപ്പെടുത്താൻ സ്മിതയുടെ കഥകൾക്ക് കഴിയുന്നുണ്ട്. ലളിതമായ ഭാഷയിലൂടെ ആകർഷകമായ ആവിഷ്കാര ശൈലിയിലൂടെ കുട്ടികൾക്കിഷ്ടപ്പെടുന്ന മൃഗങ്ങളെ കഥാപാത്രങ്ങളായി അവതരിപ്പിച്ച കഥകളിലൂടെ എൻ. സ്മിത എന്ന കഥാകൃത്ത് ബാലസാഹിത്യരംഗത്തു പുതിയ പാതകൾ തുറന്ന് അതിലൂടെ കുട്ടികളെ നയിച്ച് ഭാവനയുടെ മനോഹരതീരത്തെത്തിക്കുന്നു.

## ഉപസംഹാരം

കുട്ടികളുടെ സാഹിത്യം ഇന്ന് വളർന്നുവരുന്ന സാഹിത്യ ശാഖയാണ്. കുട്ടികളിൽ കാണപ്പെടുന്ന അക്രമവാസന, ലഹരിയോടുള്ള ആഭിമുഖ്യം എന്നിവയിൽ നിന്ന് അവരെ പിന്തിരിപ്പിക്കുവാനും നല്ല പുസ്തകങ്ങൾ വായനയ്ക്കായി നൽകുവാനും രക്ഷിതാക്കൾക്കും അധ്യാപകർക്കും സാധിക്കും. ചെറുപ്പം മുതൽ വായന ലഹരിയാക്കിയ കുട്ടികൾ ദുഷ്പ്രവണതകളിൽ പങ്കാളികളാവില്ല; ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ സമൂഹത്തെ പുരോഗതിയിലേക്കു നയിക്കും. ബാലസാഹിത്യകൃതികളുടെ വായനയിലൂടെ സാഹിത്യത്തോടുള്ള ആഭിമുഖ്യം വളർത്താനും വായനയെ ഒരു സംസ്കാരമായി സംരക്ഷിക്കുവാനും കഴിയുന്നു. മികച്ച ബാലസാഹിത്യകൃതികളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതും, അവ വായിക്കുവാൻ കുട്ടികൾക്ക് അവസരമൊരുക്കിക്കൊടുക്കേണ്ടതും വളരെ പ്രധാനമാണ്.

## ആധാരസൂചി


* സ്മിത എൻ. മര്യാദപുരത്തെ മണിക്കുട്ടികൾ, എച്ച് ആൻഡ് സി ബുക്സ്, തൃശ്ശൂർ, 2013.
* സ്മിത എൻ. മിത്രൻ സ്മാരക ബസ്സ് സ്റ്റോപ്പ്, എച്ച് ആൻഡ് സി ബുക്സ്, തൃശ്ശൂർ, 2018.
* സ്മിത എൻ. മിന്നാമിനുങ്ങും വനദേവതയും, എച്ച് ആൻഡ്സി ബുക്സ്, തൃശ്ശൂർ, 2009.
* സ്മിത എൻ. ശ്യാമവർണന്റെ ഡയറിക്കുറിപ്പുകൾ, എച്ച് ആൻഡ് സി ബുക്സ്, തൃശ്ശൂർ, 2012.
* ഡോ. കെ. ശ്രീകുമാർ, മലയാള ബാലസാഹിത്യചരിത്രം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2021
* ഡോ. വി.എം.ഡി. നമ്പൂതിരി, ഈ സോപ്പു കഥകൾ, റെഡ് റോസ് പബ്ലിക്കേഷൻ, കുന്ദംകുളം, 2015.
* Philip Arirs, Centuries of Childhood: A Social History of Family Life,Translated by Robert Baldick, Knopf Doubleday publishing group USA, 1965.


## ആനുകാലിക ലേഖനം


* ഷസിയ ഇ. എസ്. ബഹുസ്വരതയോടൊപ്പം വളരേണ്ട ബാലസാഹിത്യം, അന്വേഷി 2021 ഫെബ്രുവരി.